## പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3372 — 21.12.2012 ൽ മറുപടിയ്ക്ക്

### കൃഷിക്കാർക്കുള്ള രാസവള സബ്സിഡി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. ചന്ദ്രൻ | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കൃഷിക്കാർക്കുള്ള രാസവള സബ്സിഡി ഇപ്പോൾ ഏത് സംവിധാനത്തിലൂടെയാണ് വിതരണം ചെയ്യുന്നത് എന്ന് വ്യക്തമാക്കുമോ; | (എ) ന്യൂട്രിയന്റ് ബേസ്ഡ് സബ്സിഡി അനുസരിച്ച് എല്ലാ രാസവളങ്ങൾക്കും രാസവളത്തിൽ അടങ്ങിയിട്ടുള്ള മൂലകങ്ങൾ അനുസരിച്ചാണ് സബ്സിഡി നിശ്ചയിക്കുന്നത്. സബ്സിഡി തുക നിലവിൽ കമ്പനികൾക്ക് നേരിട്ട് നൽകുകയും സബ്സിഡി കഴിച്ചുള്ള വിലയ്ക്ക് രാസവളം പൊതു വിപണിയിൽ കർഷകർക്ക് ലഭ്യമാക്കുകയുമാണ് ചെയ്യുന്നത്. |
| (ബി) സബ്സിഡി തുക ബാങ്കുകളിൽക്കൂടി വിതരണം നടത്തുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ഇതുവരെ എത്ര രൂപയാണ് കൃഷിക്കാർക്ക് നൽകിയിട്ടുള്ളത്; | (ബി) ന്യൂട്രിയന്റ് ബേസ്ഡ് സബ്സിഡി പ്രകാരം വളത്തിന് മാത്രമായി സബ്സിഡി തുക ബാങ്കുകളിൽ കൂടി കർഷകർക്ക് നേരിട്ട് വിതരണം ചെയ്ത് തുടങ്ങിയിട്ടില്ല. കൃഷി വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികളിൽ സബ്സിഡി നിരക്കിൽ രാസവളം ഉൾപ്പെടെയുള്ള ഉല്പാദനോപാധികൾക്ക് സബ്സിഡി തുക ബാങ്കുകൾ വഴി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. |
| (സി) പാലക്കാട് ജില്ലയിലെ കർഷകർക്ക് ഇക്കൊല്ലം രാസവള സബ്സിഡി നൽകിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) & (ഡി) രാസവള സബ്സിഡി കേന്ദ്ര ഗവൺമെന്റ് കമ്പനികൾക്ക് നേരിട്ട് നൽകുകയും സബ്സിഡി കഴിച്ചുള്ള തുകയ്ക്ക് വളം കർഷകർക്ക് ലഭ്യമാക്കുകയുമാണ് ചെയ്യുന്നത്. |
| (ഡി) എങ്കിൽ സബ്സിഡി ലഭ്യമാക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ | |

സെക്ഷൻ ഓഫീസർ